തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പതിനേഴാമത് അക്കാദമിക് കൗൺസിൽ യോഗതീരുമാനങ്ങൾ

## അക്ഷരം കാമ്പസ്, വാക്കാട് – 2018 മേയ് 16 രാവിലെ 10.30 മണി

**പങ്കെടുത്തവർ:**

1. ഡോ. വി. അനിൽകുമാർ (വൈസ് ചാൻസലർ)
2. ഡോ. ചാത്തനാത്ത് അച്യുതനുണ്ണി
3. ഡോ. എം.എം. ബഷീർ
4. പ്രൊഫ. എം.ആർ ചന്ദ്രശേഖരൻ
5. ഡോ. എസ്. രാധാകൃഷ്ണൻ മല്ലശ്ശേരി
6. ഡോ. എൻ. മുകുന്ദൻ
7. പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ്
8. ഡോ. എം.ആർ. രാഘവവാരിയർ
9. ഡോ. ടി. അനിതകുമാരി
10. പ്രൊഫ. ടിപി. കുഞ്ഞിക്കണ്ണൻ
11. ശ്രീ പി. ജയരാജൻ
12. ഡോ. ജോണി സി. ജോസഫ് (വിസിറ്റിംഗ് പ്രൊഫസർ, സോഷ്യോളജി വിഭാഗം)

ഇനം **1/17**

**പതിനാറാമത് അക്കാദമിക് കൗൺസിൽയോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 1/17** പതിനാറാമത് പണ്ഡിതസഭയുടെ തീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം
**2/17**

## മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ

**തീരുമാനം 2/17** മുൻയോഗ തീരുമാനങ്ങളിൽ സർവകലാശാല സ്വീകരിച്ച നടപടികളെക്കുറിച്ച് യോഗത്തിൽ അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. ഇനം 8/16-ൽ എംഫിൽ, പിഎച്ച്.ഡി. പ്രീസബ്മിഷൻ എന്നതിലെ 'എംഫിൽ' എന്ന ഭാഗം ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചു.

ഇനം
**3/17**

## വൈസ് ചാൻസലറുടെ റിപ്പോർട്ട്

**തീരുമാനം 3/17** ഡോ. അനിൽ വള്ളത്തോൾ വൈസ് ചാൻസലറായി ചുമതല ഏറ്റ ശേഷം നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് വൈസ് ചാൻസലർ അവതരിപ്പിച്ച സംക്ഷിപ്ത റിപ്പോർട്ട് യോഗം അംഗീകരിച്ചു.

ഇനം
**4/17**

## അക്കാദമിക് കൗൺസിൽ സബ്കമ്മിറ്റി റിപ്പോർട്ടിന്റെ പരിഗണന

**തീരുമാനം 4/17**

16-ാമത് പണ്ഡിതസഭയുടെ തീരുമാനപ്രകാരം രൂപീകരിക്കപ്പെട്ട ഉപസമിതി റിപ്പോർട്ടുകളിലെ ശുപാർശകൾ പരിഗണിച്ച് യോഗം എടുത്ത തീരുമാനങ്ങൾ.

1. 2018-19 അക്കാദമിക വർഷത്തിൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിൽ വിദ്യാർത്ഥികളുടെ എണ്ണം 20 ൽ നിന്ന് 10 ആയി പരിമിതപ്പെടുത്തണം.

2. പ്രവേശന പരീക്ഷയ്ക്ക് നിശ്ചയിച്ചിട്ടുള്ള 100 മാർക്കിൽ 20% ഒറ്റവാക്കിലുള്ള ഉത്തരങ്ങൾക്കും 80% വിവരണാത്മക ഉത്തരങ്ങൾക്കുമായി വീതിച്ചു നൽകണം. 2018-19 ലെ പ്രവേശന പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ ഇതനുസരിച്ച് തയ്യാറാക്കണം.

   സർവകലാശാല നടത്തുന്ന പരീക്ഷകൾക്ക് എഴുതുന്ന എല്ലാ വിദ്യാർത്ഥികളും പൂരിപ്പിച്ച അപേക്ഷാഫോറം ബന്ധപ്പെട്ട വിഭാഗം തലവന്റെ ശുപാർശയോടെ പരീക്ഷാവിഭാഗത്തിൽ നൽകണം. പരിശോധിച്ചു രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം ഹാൾടിക്കറ്റ് വിതരണം ചെയ്യാവുന്നതാണ്.

3. യു.ജി.സി.യുടെ മാനദണ്ഡപ്രകാരം പ്രൊഫസർ / അസോസിയേറ്റ് പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിച്ച് അദ്ധ്യാപകരുടെ കുറവ് നികത്തുവാൻ സർക്കാരിനോട് ആവശ്യപ്പെടണം.

4. ചലച്ചിത്രപഠനം ഒഴികെയുള്ള മുഴുവൻ കോഴ്സുകൾക്കും പി.എസ്.സി. യുടെ അംഗീകാരം ലഭിച്ച വിവരം വൈസ് ചാൻസലർ യോഗത്തെ അറിയിച്ചു.

5. സാഹിത്യപഠന /രചനകോഴ്സുകളുടെ പാഠ്യപദ്ധതി ചരിത്രാത്മകമായി പരിഷ്കരിക്കണം.

ഈ കോഴ്സുകൾക്ക് സംസ്കൃതം ഒരു പേപ്പറായി ഉൾക്കൊള്ളിക്കണം. ഇത് പഠിപ്പിക്കുവാൻ അതിഥി അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തുകയും വേണം.

6. സർവകലാശാല നടത്തുന്ന ജോലി സാദ്ധ്യത കുറവുള്ള കോഴ്സുകൾ ഗവേഷണ മാനവവിഭവശേഷി വികസിപ്പിക്കുന്ന തരത്തിൽ നടത്തി അത്തരം കോഴ്സുകൾ ഇന്റഗ്രേറ്റഡ് പിഎച്ച്.ഡി. പ്രോഗ്രാമായി ആസൂത്രണം ചെയ്യണമെന്ന ശുപാർശ അംഗീകരിക്കേണ്ടതില്ല. അനൗപചാരിക ഗവേഷണം സാഹിത്യ അക്കാദമി പോലുള്ള സാംസ്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രോത്സാഹിപ്പിക്കാവുന്നതാണ്.

7. ക്രഡിറ്റ് ട്രാൻസ്ഫർ വ്യവസ്ഥ അനുവദിക്കാവുന്നതാണ്. ഇതര സർവകലാശാലകളുമായി സഹകരിച്ച് ഈ പദ്ധതി പ്രോത്സാഹിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.

8. സംസ്കാരപൈതൃക ചരിത്ര ഫാക്കൽറ്റിയുടെ കീഴിലുള്ള സംസ്കാര പൈതൃക പഠനം, ചരിത്രം എന്നീ കോഴ്സുകൾ സമ്മിശ്രണം ചെയ്യേണ്ടതില്ല.

9. മാധ്യമ ഫാക്കൽറ്റിയുടെ കീഴിലുള്ള രണ്ട് വകുപ്പുകളും (ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻ, ചലച്ചിത്രപഠനം) നിലനിർത്തി, ചലച്ചിത്രപഠനം മാധ്യമപഠനം എന്നീ കോഴ്സുകൾ പഠിപ്പിക്കാവുന്നതാണ്.

10. സാമൂഹ്യശാസ്ത്ര ഫാക്കൽറ്റിയുടെ കീഴിൽ നടന്നുവരുന്ന മൂന്ന് കോഴ്സുകളും (പരിസ്ഥിതിപഠനം, തദ്ദേശവികസന പഠനം, സാമൂഹ്യശാസ്ത്ര പഠനം (സോഷ്യോളജി)) തുടർന്നും നടത്തണം.

11. സർവകലാശാലയിൽ നടത്തിവരുന്ന എല്ലാ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്കും ഇന്റേൺഷിപ്പ് നിർബന്ധമാക്കേണ്ടതില്ല. എന്നാൽ ഇന്റേൺഷിപ്പിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അവരവരുടെ ചെലവിൽ അത് നിർവഹിക്കാവുന്നതാണ്.

12. ഉപസമിതിയുടെ രണ്ടാമത് യോഗത്തിന്റെ (തീരുമാനം 8, 9) പരിഗണിച്ച് ഗവേഷണസമിതി എടുത്തിട്ടുള്ള തീരുമാനങ്ങൾ പണ്ഡിതസഭ അംഗീകരിച്ചു.

13. ഗവേഷകവിദ്യാർത്ഥികൾക്ക് അതത് മാർഗദർശിയുടെ ശുപാർശപ്രകാരം ലൈബ്രറി/ഫീൽഡ്വർക്ക് എന്നിവയ്ക്കായി ഒരു സെമസ്റ്ററിൽ വെവ്വേറെയോ ഒരുമിച്ചോ 30 ദിവസം ഫെലോഷിപ്പോടുകൂടി അവധി അനുവദിക്കാം. കൂടാതെ ഒരു വർഷം 10 മെഡിക്കൽ അവധി, 12 ഡ്യൂട്ടി അവധി എന്നിവക്കും അർഹതയുണ്ട്. ഇതിനുപുറമെ പ്രസവ ശിശുസംരക്ഷണത്തിനായി 240 ദിവസത്തെ പ്രസവാവധിയും പെറ്റേണിറ്റി ലീവായി 14 ദിവസവും അനുവദിക്കാം.

## ഇനം **5/17** 2018-19 വർഷത്തെ വിദ്യാർത്ഥി പ്രവേശനം

**തീരുമാനം 5/17**

2018-19 വർഷത്തെ വിദ്യാർത്ഥി പ്രവേശന നടപടിക്രമങ്ങൾ അംഗീകരിച്ചു.

| | |
|---|---|
| വിജ്ഞാപനം | : 2018 ജൂൺ 4 |
| അപേക്ഷ ലഭിക്കേണ്ട അവസാന തീയതി | : 2018 ജൂൺ 25 |
| പ്രവേശനപ്പരീക്ഷ | : 2018 ജൂലൈ 7 |
| ഫലപ്രഖ്യാപനം | : 2018 ജൂലൈ 24 |
| ഒന്നാംഘട്ട ലിസ്റ്റ് പ്രസിദ്ധീകരണം | : 2018 ജൂലൈ 25 |
| ഒന്നാംഘട്ട പ്രവേശനം | : 2018 ജൂലൈ 30 |
| രണ്ടാംഘട്ട ലിസ്റ്റ് പ്രസിദ്ധീകരണം | : 2018 ആഗസ്റ്റ് 1 |
| രണ്ടാംഘട്ട പ്രവേശനം | : 2018 ആഗസ്റ്റ് 6 |
| മൂന്നാംഘട്ട ലിസ്റ്റ് പ്രസിദ്ധീകരണം | : 2018 ആഗസ്റ്റ് 8 |
| മൂന്നാംഘട്ട ലിസ്റ്റ് പ്രവേശനം | : 2018 ആഗസ്റ്റ് 13 |
| ക്ലാസ്സുകൾ ആരംഭിക്കുന്നത് | : 2018 ആഗസ്റ്റ് 17 |

## ഇനം **6/17** പഠനബോർഡുകളുടെ പുനഃസംഘടന

**തീരുമാനം 6/17** വിവിധ പഠനബോർഡുകളുടെ പുനഃസംഘടന സംബന്ധിച്ച് നിർദ്ദേശങ്ങൾ അംഗീകരിച്ചു.

സാമൂഹ്യശാസ്ത്ര പഠനബോർഡിൽ കെ.ടി. റാംമോഹന് പകരം ഡോ. ആന്റണി പാലക്കലിനെ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

ചലച്ചിത്ര/മാധ്യമപഠനബോർഡുകൾ സംയോജിപ്പിച്ച് ഒരു ബോർഡാക്കി പുനഃസംഘടിപ്പിക്കുവാനും തീരുമാനിച്ചു. രണ്ട് ബോർഡുകളാക്കി പുനഃസംഘടിപ്പിച്ചുകൊണ്ട് അവതരിപ്പിച്ച ലിസ്റ്റിൽ നിന്നും 5 പേരെ വീതം ചേർത്ത് 10 അംഗങ്ങളടങ്ങിയ ഒരു ബോർഡിന് രൂപം നൽകുവാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. (**അനുബന്ധം-1**)

പഠനബോർഡുകളുടെ ചെയർമാൻമാരായി മലയാളസർവകലാശാലയിലെ തന്നെ അദ്ധ്യാപകർതന്നെയാകണമെന്ന നിർദ്ദേശം യോഗം അംഗീകരിച്ചു. എല്ലാ പഠനബോർഡുകളിലും അതതു വകുപ്പിലെ ഒരു സ്ഥിരം അധ്യാപകനെയെങ്കിലും ഉൾപ്പെടുത്തണമെന്നും തീരുമാനിച്ചു.

ഇനം **7/17** | **പുതുക്കിയ ഫീസ് ഘടന**

**തീരുമാനം 7/17** നിലവിലുള്ള ഫീസ് ഘടന പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശം യോഗം അംഗീകരിച്ചു. (**അനുബന്ധം-2**)

ഇനം **8/17** | **ഗവേഷകമാർഗദർശിത്വം അനുവദിക്കുന്നതിനായി ഡോ. കെ.എം. അനിൽ സമർപിച്ച അപേക്ഷ**

**തീരുമാനം 8/17** ഡോ. കെ.എം. അനിലിനെ മലയാളസർവകലാശാലയിലെ മാർഗ്ഗദർശിയാക്കാവുന്നതാണ്. എന്നാൽ ഓരോ മാർഗ്ഗദർശിക്കു കീഴിലും ഗവേഷണത്തിന് യു.ജി.സി. നിശ്ചയിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ചുള്ള മാനദണ്ഡം പാലിക്കുവാനും നിർദ്ദേശിച്ചു.

ചർച്ചയ്ക്കിടയിൽ ഉയർന്നു വന്ന എഴുത്തച്ഛൻ പഠനഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടർ സ്ഥാനം സംബന്ധിച്ച വിഷയത്തിൽ വിശദമായി നടന്ന ചർച്ചയ്ക്ക് ശേഷം ഡോ. കെ.എം. അനിലിനെ ഈ കേന്ദ്രത്തിന്റെ ഡയറക്ടറാക്കണമെന്ന് നിർദ്ദേശിച്ചു. നിർവാഹകസമിതിയോഗം വിളിച്ചുചേർക്കുന്നതിൽ ബഹു. ഹൈക്കോടതിയുടെ 'സ്റ്റേ' ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ നിർവാഹകസമിതിയുടെ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ ഇക്കാര്യത്തിൽ തീരുമാനം എടുക്കണമെന്നും നിർദ്ദേശമുണ്ടായി. എഴുത്തച്ഛൻ പഠനകേന്ദ്രം വിഭാവനം ചെയ്തിട്ടുള്ള വിധത്തിൽ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി മുന്നോട്ടുപോകാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

ഇനം **9/17** | **ടെക്നിക്കൽബിരുദങ്ങൾ മലയാളസർവകലാശാലയിലെ പ്രവേശനത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 9/17** സാങ്കേതികബിരുദം കരസ്ഥമാക്കിയിട്ടുള്ളവർക്കും പ്രവേശന പരീക്ഷയിലൂടെ എം.എ. പ്രവേശനത്തിന് അർഹതയുണ്ട് എന്നതിൽ വ്യക്തത വരുത്തി.

ഇനം
**10/17**

## ആയുഷ്നെറ്റ് നെറ്റ് പാസായവരെ യു.ജി.സി. നെറ്റിന് തത്തുല്യമായി പരിഗണിക്കുന്നത് സംബന്ധിച്ച്

**തീരുമാനം10/17** കേന്ദ്രസർക്കാർ സെക്രട്ടറിയുടെ (ആയുഷ്) അഭ്യർത്ഥന മാനിച്ച് (ഡി.ഒ. ലെറ്റർ നമ്പർ: ഡി-15070/13/2016-ആർഡി(പി.ടി.1) തിയതി 17.04.18) ആയുഷ്നെറ്റ് പാസ്സായവരെ യു.ജി.സി. നെറ്റിന് തത്തുല്യമായി പരിഗണിച്ച് അവർക്ക് പിഎച്ച്.ഡി. പരീക്ഷയിൽ ഇളവ് നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

ഇനം
**11/17**

## പരിഭാഷയ്ക്കൊരു പരിപാടി

**തീരുമാനം 11/17** പരിഭാഷയ്ക്കൊരു പരിപാടി (പ്രോജക്ട്) തുടരുന്ന വിഷയത്തിൽ വിശദമായ ചർച്ച നടന്നു. ലോക്കൽ ഫണ്ട് വിഭാഗം ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങളും ചർച്ചയ്ക്ക് വിഷയീഭവിച്ചു. ശേഷം, പരിഭാഷാപദ്ധതിയുടെ ലക്ഷ്യം ഇംഗ്ലീഷുൾപ്പെടെയുള്ള വിദേശഭാഷകളിൽ നിന്നും, ഇന്ത്യയിലെ ഇതരഭാഷകളിൽ നിന്നുമുള്ള പുതിയ ആശയങ്ങളും ആവിഷ്കാരവുമടങ്ങിയ വൈജ്ഞാനികഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് മലയാളസർവകലാശാല പ്രസിദ്ധീകരിക്കലാണ് എന്ന് യോഗം വിലയിരുത്തി. ഇതുവഴി മലയാളത്തിന്റെ കരുത്ത് വർദ്ധിക്കും. ആയതിനാൽ ഈ പദ്ധതിയുടെ അന്തഃസത്ത ഉൾക്കൊണ്ട് ഇംഗ്ലീഷിലേയും ഇതര ഇന്ത്യൻ ഭാഷയിലെ പ്രത്യേകിച്ചും തമിഴ്, കന്നട, തെലുങ്ക് ഭാഷകളിലെയും മേൽവിവരിച്ച തരത്തിലുള്ള കൃതികൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുവാനും അവ വിറ്റഴിക്കുവാനും ഉചിതമായ നടപടികൾ എടുക്കണമെന്ന് തീരുമാനിച്ചു.

ഇതുവരെ തുടർന്നുവന്ന പരിഭാഷാപദ്ധതി താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തുടരാവുന്നതാണെന്നും തീരുമാനിച്ചു.

1. കൺസൾട്ടിങ് എഡിറ്റർക്കു നൽകുന്ന വേതനത്തിൽ കുറവ് വരുത്തണം.
2. പ്രസിദ്ധീകരണശാലക്കാരുമായി ഒപ്പുവെയ്ക്കുന്ന കരാർ വ്യവസ്ഥകളിൽ വാങ്ങുന്ന പുസ്തകങ്ങളുടെ വിലയിൽ 40% കിഴിവ് അനുവദിക്കുന്നതിനും സർവകലാശാല പ്രസാധകരിൽ നിന്നു വിലയ്ക്ക് വാങ്ങുന്ന പുസ്തകങ്ങൾ വിറ്റഴിക്കുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തണം.
3. പരിഭാഷയ്ക്കൊരു പരിപാടി തുടരുന്നതിനാവശ്യമായ ഫണ്ട് സർക്കാർ അനുവദിക്കണം.

ഇനം
**12/17**

## ലിപിപഠനകേന്ദ്രം - ഘടന സംബന്ധിച്ച്

**തീരുമാനം 12/17** ലിപിപഠനകേന്ദ്രം ആരംഭിക്കുവാനുള്ള നിർദ്ദേശം യോഗം അംഗീകരിച്ചു. ഇതിന്റെ ഘടനയടക്കമുള്ള വിശദാംശങ്ങളടങ്ങിയ പദ്ധതിരേഖ സമർപ്പിക്കുവാൻ ഡോ. എം.ആർ. രാഘവവാര്യരെ ചുമതലപ്പെടുത്തി. ഇത് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനുള്ള ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

**13/17**

## ദത്തശേഖരണ പ്രോജക്ട്

**തീരുമാനം 13/17** ഇതിനോടകം ആരംഭിച്ച ദത്തശേഖരണ പദ്ധതികൾക്ക് പണ്ഡിതസഭ അംഗീകാരം നൽകി. ജീവിച്ചിരിക്കുന്ന സാഹിത്യകാരൻമാരുടെ കൃതികളെക്കുറിച്ചുള്ള ദത്തശേഖരണ പദ്ധതി ഇനി ഏറ്റെടുക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

ഇനം
**14/17**

## വകുപ്പദ്ധ്യക്ഷൻമാരുടെ നിയോഗവും ചുമതലയും

**തീരുമാനം 14/17** വിവിധ വകുപ്പുകളിൽ അദ്ധ്യക്ഷൻമാരായി അതതു വിഭാഗത്തിലെ ഏറ്റവും സീനിയറായ സ്ഥിരം അദ്ധ്യാപകനെ മൂന്നു വർഷത്തേക്കുള്ള റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണം.

ഇനം
**15/17**

## സംസ്കാരപൈതൃകഫാക്കൽറ്റിയുടെ കീഴിൽ വരുന്ന പിഎച്ച്.ഡി. സർട്ടിഫിക്കറ്റിൽ അന്തർവൈജ്ഞാനികം എന്നു രേഖപ്പെടുത്തൽ

**തീരുമാനം 15/17** ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ വൈസ്ചാൻസലറെ ചുമതലപ്പെടുത്തി.

ഇനം
**16/17**

**ഭാഷാശേഷി വികസനം, ഡി.ടി.പി പരിചയം പേപ്പറുകൾ സിലബസിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്**

**തീരുമാനം 16/17** കമ്പ്യൂട്ടർ പരിജ്ഞാനം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നത് അഭിലഷണീയമാണ്.

ഇനം
**17/17**

**സംസ്കൃതം നിർബന്ധവിഷയമാക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 17/17** ഇനം നമ്പർ 4/17 (5) കാണുക.

യോഗം ഉച്ചയ്ക്ക് 1.15 ന് പിരിഞ്ഞു.



ഡോ. വി. അനിൽകുമാർ
വൈസ് ചാൻസലർ